നീര ഉത്പാദനം

128 (3096) ശ്രീ. ആർ. സെൽവരാജ്:

ശ്രീ. ലൂഡി ലൂയിസ്:

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:

ശ്രീ. ബെന്നി ബെഹനാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

, (എ) നീര ഉൽപ്പാദിപ്പിക്കുന്നതിൽ നിലനിന്നിരുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിനായിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) നീര ഉൽപ്പാദനത്തിനും പ്രചരണത്തിനും മാതൃകാ സംരംഭങ്ങൾക്ക് ആരംഭം കുറിച്ചിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) നീര ഉൽപ്പാദനത്തിന് അനുയോജ്യമായ തെങ്ങുകൾ എത്ര ഇനമുണ്ടാകുമെന്നും അനുയോജ്യമായ പ്രദേശങ്ങൾ ഏതൊക്കെയെന്നും കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം നൽകാമോ ?

ഉത്തരം

(എ) നീര ഉല്പാദനത്തിന് കൃഷി വകുപ്പുമായി ബന്ധപ്പെട്ട് തടസ്സങ്ങൾ ഒന്നും തന്നെ നിലവിലില്ല. നീര ഉല്പാദനവുമായി ബന്ധപ്പെട്ട് കൃഷി, എക്സൈസ് വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം ഉറപ്പുവരുത്തുന്നതിനാണ് കാർഷികോല്പാദന കമ്മീഷണർ ചെയർമാനും, എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായി നാളികേര-നീര ബോർഡ് രൂപീകരിച്ചിരിക്കുന്നത്.

നാളികേര-നീര ബോർഡ് യോഗങ്ങൾ സംഘടിപ്പിച്ചുകൊണ്ട് നീരയുടെ ഉല്പാദനവും വിപണനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. നീര ഉല്പാദനത്തിനും വിപണനത്തിനുമുള്ള ലൈസൻസ് ലഭിക്കുന്നതിനായി, ഇതിനായി തയ്യാറാക്കിയ നിബന്ധനകൾക്കനുസൃതമായ വിശദമായ ബാങ്കബിൾ പ്രോജക്ട് റിപ്പോർട്ട് സഹിതം നാളികേര-നീര ബോർഡിന് അപേക്ഷ നൽകണം.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരള കാർഷിക സർവ്വകലാശാലയിൽ തെങ്ങിന്റെ പൂങ്കുല നീര് സംസ്കരിച്ച് നീരയും (കേരാമൃതം) തെങ്ങിൻ പൂങ്കുലയിൽനിന്നും കേര ചക്കരയും ഉല്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി മൂന്നു പൈലറ്റ് പ്രോജക്ട് സംഘടിപ്പിക്കുന്നതിന് സർക്കാർ അനുമതി നൽകുകയും ഇതിൽ ആദ്യ പ്രോജക്ട് നീലേശ്വരം പടന്നക്കാട് കേന്ദ്രമാക്കി പ്രവർത്തിച്ചു വരുകയും ചെയ്യുന്നു. പൈലറ്റ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കായി ആകെ 130 ലക്ഷം രൂപ 2013-14, 2014-15 വർഷങ്ങളിലായി കാർഷിക സർവ്വകലാശാലയ്ക്ക് നൽകിയിട്ടുണ്ട്. പൈലറ്റ് യൂണിറ്റിൽ ഉല്പാദിപ്പിക്കുന്ന നീര നാളികേരവികസന കോർപ്പറേഷന്റെ വിപണനകേന്ദ്രങ്ങൾ വഴി വിപണനം ചെയ്യുന്നു.

(സി) നീര ഉല്പാദിപ്പിക്കുവാൻ അനുയോജ്യമായ തെങ്ങിനങ്ങളെക്കുറിച്ചും പ്രദേശങ്ങളെക്കുറിച്ചും വിശദമായ പഠനങ്ങൾ കാർഷിക സർവ്വകലാശാലയിൽ നടത്തിയിട്ടില്ല. സങ്കരയിനങ്ങളും നാടൻ ഇനങ്ങളും (WCT), ലക്ഷദ്വീപ് ഓർഡിനറി, ആൻഡമാൻ ഓർഡിനറി എന്നീ ഇനങ്ങളും താരതമ്യേന കൂടുതൽ അളവിൽ നീര ഉല്പാദിപ്പിക്കുന്നവയാണ്. എന്നാൽ കുറിയ ഇനങ്ങളിൽ നീര ഉല്പാദനം കുറവാണ്. വേനൽക്കാലത്ത് ഈർപ്പം നിലനിർത്താൻ പറ്റുന്ന മണ്ണ് അഥവാ ജലസേചനം നൽകാൻ കഴിയുന്ന പ്രദേശങ്ങൾ നീര ഉല്പാദനത്തിന് അനുയോജ്യമാണ്. ഉപ്പുരസം കലർന്ന മണ്ണ് നീര ഉല്പാദനത്തെ പ്രതികൂലമായി ബാധിക്കും.

ജൈവ വൈപ്പിൻ പദ്ധതി

129 (3097) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ ജൈവ വൈപ്പിൻ പദ്ധതിക്ക് അനുമതി ലഭ്യമാക്കിയിരുന്നുവോയെന്ന് വിശദീകരിക്കാമോ ;

(ബി) പദ്ധതി നടത്തിപ്പിനായി നബാർഡ് സഹായം ലഭ്യമായിട്ടുണ്ടോ ; ഉണ്ടെങ്കിൽ നബാർഡ് സഹായത്തോടെ നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്നും പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്നും വിശദീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly